## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3971** | **28-06-2024 - ൽ മറുപടിയ്ക്ക്**

## സ്കൂളുകളിലെ ലഹരി മാഫിയ പ്രവർത്തനം തടയുന്നതിന് സ്റ്റുഡന്റ് പോലീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിനു വേണ്ടി സ്റ്റുഡന്റ് പോലീസ് സംവിധാനത്തെ ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ലഹരി മാഫിയയുടെ പ്രവർത്തനം തടയുന്നതിനു വേണ്ടി സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കും അധ്യാപകർക്കും ട്രെയിനിംഗും ബോധ വത്ക്കരണ ക്ലാസ്സുകളും നൽകുകയും, തുടർന്ന് ഈ കേഡറ്റുകളാൽ തന്നെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും നൽകുകയും, ഏതെങ്കിലും തരത്തിൽ ലഹരി ഉപയോഗിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ സഹായത്തോടുകൂടി അവരെ കണ്ടെത്തുകയും, അവർക്കു ബോധവത്ക്കരണവും കൗൺസിലിംഗും നൽകാനുള്ള നടപടികൾ സ്കൂൾ അധികൃതരുടെ സഹായത്തോടുകൂടി നടത്തി വരുന്നുണ്ട്. കൂടാതെ സ്കൂളിനു പുറത്തും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സംവിധാനത്തെ ഉപയോഗിച്ച് വിവിധ ലഹരി വിരുദ്ധ പരിപാടികൾ നടത്തി വരുന്നുണ്ട്. ലഹരിക്കെതിരെ കുട്ടികളിലും സമൂഹത്തിലും അവബോധം സൃഷ്ടിക്കുന്നതിന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലെ കമ്മ്യൂണിറ്റി പ്രോജക്ട് ആയ കേരള എഗൈൻസ്റ്റ് അഡിക്ഷൻ (Kerala Against Addiction) എന്നതിലൂടെ എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂൾ വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, കേഡറ്റുകൾ സ്കൂൾ പരിസരത്തെ ജംഗ്ഷനുകളിൽ ഫ്ലാഷ് മോബുകളും, സൈക്കിൾ റാലികളും, കാൽ നടയാത്ര തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്യുന്നു. സ്കൂൾ പരിസരത്തുള്ള വീടുകളിലും, കടകളിലും, കേഡറ്റുകൾ തങ്ങളുടെ കുടുംബത്തിലും ബന്ധുക്കളോടും സുഹൃത്തുക്കളോടും മയക്കു മരുന്ന് |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതിന്റെ ദൂഷ്യ വശങ്ങളെ പറ്റി പറഞ്ഞ് മനസ്സിലാക്കുകയും ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത ഇടപെടലുകളുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനങ്ങൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ബി) | സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ ഇടപെടലുകളുടെ ഭാഗമായി ലഹരി ക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ക്രിയാത്മകമായി കുട്ടികളുടെ ഇടയിൽ എത്തിക്കുന്നതിനും അത്തരത്തിൽ ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് പകർന്നു കൊടുക്കുന്നതിനും എക്സൈസുമായി ചേർന്ന് വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ കുട്ടികളിൽ വർദ്ധിച്ചു വരുന്ന മയക്കു മരുന്ന് ഉപയോഗം കണ്ടെത്തുന്നതിന് സർവ്വേ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ